**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1190** **02-02-2026 - ൽ മറുപടിയ്ക്ക്**

**കടൽമാക്രികൾ മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം , ശ്രീ. നജീബ് കാന്തപുരം, ശ്രീ. എൻ. എ. നെല്ലിക്കുന്ന് , ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ വലകൾ കടൽമാക്രികൾ നശിപ്പിക്കുന്നതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വലകൾ കടൽമാക്രികൾ നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കടൽമാക്രികൾ ഇത്തരത്തിൽ വർദ്ധിച്ചുവരുന്നതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കേരളാ യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) നടത്തിയ പഠന പ്രകാരം കടൽമാക്രികൾ വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. കടൽമാക്രികളെ ഭക്ഷിക്കുന്ന വലിയ മത്സ്യങ്ങളായ കൊബിയ, ബാരക്കുട, പെർച്ച് പോലുള്ള മത്സ്യങ്ങൾ പിടിച്ചെടുക്കുന്നത് കടൽമാക്രികളുടെ എണ്ണം വർദ്ധിക്കാനുള്ള ഒരു കാരണമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങളിലും വളരാൻ കഴിവുള്ളവയാണ് കടൽമാക്രികൾ എന്നും പഠനം കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ